# പ്രബോധകൻ

## ശൈഖ് മുഹമ്മദ് കാരകുന്ന്

**മനുഷ്യസമൂഹത്തെ** നരകത്തിൽനിന്ന് രക്ഷിക്കുകയും നിർഭീതരും ദുഃഖരഹിതരുമാക്കുകയും ചെയ്യുന്ന ദൈവിക സന്മാർഗത്തെ സംബന്ധിച്ച സുവാർത്ത ആദിമ മനുഷ്യനിലൂടെ അറിയിക്കപ്പെട്ടിട്ടുണ്ട്. ആദമിനെ ഭൂമിയിലേക്ക് അയച്ചപ്പോൾ അല്ലാഹു അറിയിച്ചു: 'നിങ്ങൾക്ക് നമ്മിൽനിന്ന് മാർഗദർശനം ലഭിക്കുമ്പോൾ ആർ ആ മാർഗദർശനത്തെ പിന്തുടരുന്നുവോ അവർ ഭയപ്പെടേണ്ടതില്ല, ദുഃഖിക്കേണ്ടതുമില്ല. എന്നാൽ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്നവരോ, അവരാകുന്നു നരകാവകാശികൾ. അതിലവർ ശാശ്വതമായി വസിക്കുന്നവരാകുന്നു.' (*അൽബഖറ*: 38,39)

ഈ സന്മാർഗത്തിന്റെ അന്തിമവും സമഗ്രവുമായ രൂപം മാനവസമൂഹത്തിന് സമർപ്പിച്ച ദൈവദൂതനാണ് മുഹമ്മദ് നബി. അതിനാലവിടുന്ന് സുകൃതവാന്മാർക്ക് സുവാർത്തയും ദുർമാർഗികൾക്ക് മുന്നറിയിപ്പും നൽകാനായി നിയോഗിക്കപ്പെട്ടവനാണ്. നബി തിരുമേനിയുടെ ദൗത്യം വിശുദ്ധ ഖുർആൻ ഇങ്ങനെ വിവരിക്കുന്നു: 'നിരക്ഷരർക്കിടയിൽ അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചത് ദൈവമാകുന്നു. അദ്ദേഹം അവർക്ക് അവന്റെ സൂക്തങ്ങൾ ഓതിക്കൊടുക്കുന്നു. അവരുടെ ജീവിതത്തെ സംസ്കരിക്കുന്നു. അവർക്ക് വേദവും തത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുന്നു. ഇവർ ഇതിനു മുമ്പ് തികഞ്ഞ ദുർമാർഗത്തിലായിരുന്നുവല്ലോ.' (*അൽജുമുഅ*: 2)

പ്രവാചകൻ തന്റെ ഇരുപത്തിമൂന്ന് വർഷത്തെ പ്രബോധനപ്രവർത്തനങ്ങളിലൂടെ ലോകത്തിന് തീർത്തും അന്യവും അപരിചിതവുമായ ഒരാദർശ സമൂഹത്തെയും രാഷ്ട്രത്തെയും സംവിധാനിച്ചു. നവജാത ഇസ്‌ലാമിക സമുദായം നിലവിലുണ്ടായിരുന്നതിൽനിന്ന് തികച്ചും ഭിന്നമായിരുന്നു. വിശ്വോത്തരമായൊരു വിപ്ലവമാണ് നബി തിരുമേനി നടത്തിയത്. അത് പതിതരായിരുന്നൊരു ജനതയെ പുരോഗതിയുടെ പാരമ്യതയിലേക്കുയർത്തി. ഒട്ടകത്തിന്റെ മൂക്കുകയറും പിടിച്ച് മരുപ്പറമ്പിലൂടെ അലഞ്ഞു നടന്നിരുന്ന പ്രാകൃത സമൂഹത്തെ ലോകത്തിന്റെ നേതാക്കളും ജേതാക്കളുമാക്കി. അലസരും സുഖലോലുപരുമായ ഒരു ജനവിഭാഗത്തെ പേടിപ്പെടുത്തുന്ന പരുപരുത്ത പരീക്ഷണങ്ങൾ തരണം ചെയ്യാൻ പ്രാപ്തരാക്കി. സൂര്യ, ചന്ദ്ര, നക്ഷത്രാദി ഗോളങ്ങളുടെയും കല്ലിന്റെയും മരത്തിന്റെയും പ്രതിമകളുടെയും മുമ്പിൽ നമ്രശിരസ്കരായി നിന്ന അപരിഷ്കൃതരെ അക്കാലത്തെ ഏറ്റവും പ്രബലങ്ങളായ സാമ്രാജ്യശക്തികളുടെ മുമ്പിൽ പോലും മുട്ടുമടക്കാത്തവരാക്കി മാറ്റി. കുടുംബകലഹങ്ങളുടെയും ഗോത്ര മാത്സര്യങ്ങളുടെയും ഇരുളടഞ്ഞ ഇടനാഴികകളിൽ ക്രൂരരും കൊലയാളികളുമായിക്കഴിഞ്ഞവരെ മാനവസാഹോദര്യത്തിന്റെ മഹിതമേഖലയിലേക്ക് കൈപിടിച്ചുയർത്തി. ക്ഷണഭംഗുരങ്ങളായ ജീവിതസുഖങ്ങളുടെ പിന്നാലെ പോയ ആ സമൂഹത്തെ അനശ്വരമായ പരലോക നേട്ടങ്ങളിൽ ഉത്സുകരാക്കി. മനുഷ്യചരിത്രത്തിൽ തന്നെ തുല്യതയില്ലാത്ത ഈ പരിവർത്തനം സൃഷ്ടിക്കാൻ മുഹമ്മദ് നബിക്ക് എങ്ങനെ സാധിച്ചു? അതിന് അവിടുന്ന് സ്വീകരിച്ച സമീപനസമ്പ്രദായങ്ങളും പ്രബോധന രീതികളും പ്രവർത്തന മാർഗങ്ങളും എന്തെല്ലാമായിരുന്നു? വിശദമായ പഠനമർഹിക്കുന്ന ഇത്തരമൊരു വിഷയം ഒരു ലേഖനത്തിലൊതുക്കുക പ്രയാസകരമത്രെ.

പ്രവാചകൻ തന്റെ ഇരുപത്തിമൂന്ന് വർഷത്തെ പ്രബോധനപ്രവർത്തനങ്ങളിലൂടെ ലോകത്തിന് തീർത്തും അന്യവും അപരിചിതവുമായ ഒരാദർശ സമൂഹത്തെയും രാഷ്ട്രത്തെയും സംവിധാനിച്ചു. നവജാത ഇസ്‌ലാമിക സമുദായം നിലവിലുണ്ടായിരുന്നതിൽനിന്ന് തികച്ചും ഭിന്നമായിരുന്നു. വിശ്വോത്തരമായൊരു വിപ്ലവമാണ് നബി തിരുമേനി നടത്തിയത്. അത് പതിതരായിരുന്നൊരു ജനതയെ പുരോഗതിയുടെ പാരമ്യതയിലേക്കുയർത്തി. ഒട്ടകത്തിന്റെ മൂക്കുകയറും പിടിച്ച് മരുപ്പറമ്പിലൂടെ അലഞ്ഞു നടന്നിരുന്ന പ്രാകൃത സമൂഹത്തെ ലോകത്തിന്റെ നേതാക്കളും ജേതാക്കളുമാക്കി.

### വിശുദ്ധമായ വ്യക്തിത്വം

ആശയാദർശങ്ങളുടെ പ്രചാരണത്തിൽ അവയുടെ മേന്മപോലെ പ്രധാനമാണ് അവയെ പ്രതിനിധാനം ചെയ്യുന്നവരുടെ വ്യക്തിത്വവും. പ്രബോധിതരുടെ മതിപ്പും ആദരവും ആർജിക്കാത്ത പ്രബോധകരുടെ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തുകയില്ല. സമൂഹത്തിന്റെ പരിവർത്തനത്തിനും പരിഷ്കരണത്തിനും പ്രയത്നിക്കുന്നവർ തികച്ചും അനുകരണീയരായിരിക്കണം. ഈ രംഗത്ത് ഏവർക്കും എക്കാലത്തേക്കു

മുള്ള ഏറ്റവും നല്ല മാതൃകയാണ് മുഹമ്മദ് നബി.

പ്രവാചകത്വ ലബ്ധിക്കു മുമ്പു തന്നെ തിരുമേനി വിശുദ്ധമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അദ്ദേഹത്തിന്റെ സത്യസന്ധതയെയോ വിശ്വസ്തതയെയോ നിഷേധിക്കാനോ ചോദ്യം ചെയ്യാനോ ആർക്കും സാധിച്ചിരുന്നില്ല. അവിടുന്ന് ജീവിതത്തിലൊരിക്കലും കള്ളം പറഞ്ഞിട്ടില്ലെന്നത് സർവസമ്മതമാണ്. ഇത് തന്റെ പ്രബോധിതരിലൂടെത്തന്നെ പ്രഖ്യാപിക്കപ്പെട്ട ശേഷമാണ് നബി തിരുമേനി പരസ്യ പ്രബോധനമാരംഭിച്ചത്. സമൂഹത്തെ സന്മാർഗത്തിലേക്ക് ക്ഷണിക്കാനുള്ള ആഹ്വാനം അല്ലാഹുവിൽ നിന്ന് ലഭിച്ച ഉടനെ അവിടുന്ന് സഫാ മലയുടെ മുകളിൽ കയറി ഖുറൈശികളെ അതിന്റെ താഴ്‌വരയിൽ വിളിച്ചുചേർത്തു. എല്ലാവരും ഒരുമിച്ചുകൂടിയപ്പോൾ നബി തിരുമേനി വിളിച്ചു ചോദിച്ചു: 'പ്രിയപ്പെട്ട ജനങ്ങളേ, ഈ മലയുടെ മറുഭാഗത്ത് നിങ്ങളെ ആക്രമിക്കാൻ തയാറായി ഒരു വൻ സൈന്യം നിൽപ്പുറപ്പിച്ചിട്ടുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ?'

'തീർച്ചയായും, താങ്കൾ ഇതേവരെ ഒരു കളവും പറഞ്ഞിട്ടില്ല. സത്യസന്ധനും വിശ്വസ്തനുമായേ താങ്കളെ ഞങ്ങൾക്ക് പരിചയമുള്ളൂ.' അവർ ഏകസ്വരത്തിൽ പറഞ്ഞു.

ഇവ്വിധം തന്റെ വിശ്വാസ്യത പ്രബോധിതർ ഏറ്റുപറഞ്ഞപ്പോഴാണ് പ്രവാചകൻ അവരോടിങ്ങനെ പ്രബോധനം ചെയ്തത്: 'എന്നാൽ കഠിനമായ ശിക്ഷയെ സംബന്ധിച്ച മുന്നറിയിപ്പുകാരനാണ് ഞാൻ. അബ്ദുൽമുത്തലിബ് വംശമേ, അബ്ദുമനാഫ് വംശമേ, സുഹ്റാ വംശമേ, തൈംവംശമേ, മഖ്സൂം വംശമേ, അസദ്‌വംശമേ എന്റെ അടുത്ത കുടുംബങ്ങൾക്ക് മുന്നറിവ് നൽകാൻ അല്ലാഹു എന്നോട് കൽപിച്ചിരിക്കുന്നു. നിങ്ങൾ 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന് പ്രഖ്യാപിക്കുക. അവ്വിധം ചെയ്യുന്നില്ലെങ്കിൽ ഈ ലോകത്ത് എന്തെങ്കിലും ഗുണമോ പരലോകത്ത് എന്തെങ്കിലും നേട്ടമോ നിങ്ങൾക്ക് ഉറപ്പു നൽകാൻ എനിക്കു സാധ്യമല്ല. അതിനാൽ നിങ്ങളെ ഞാൻ ഏകനായ അല്ലാഹുവിന്റെ മാത്രം ആരാധനയിലേക്കും അടിമത്തത്തിലേക്കും ക്ഷണിക്കുന്നു. നിങ്ങളെ വിഗ്രഹ പൂജയിൽനിന്ന് മോചിപ്പിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എന്റെ വാക്കുകൾ നിരാകരിക്കുന്ന പക്ഷം അനുഭവിക്കേണ്ടി വരുന്ന വേദനാജനകമായ ശിക്ഷയെക്കുറിച്ച് ഞാനിതാ താക്കീത് ചെയ്യുന്നു.'

ഇസ്‌ലാമിക പ്രബോധനം അല്ലാഹുവാൽ ആജ്ഞാപിക്കപ്പെട്ട കൃത്യമായതിനാൽ അത് നിർവഹിക്കുന്നവർക്ക് അവനുമായി സുദൃഢമായ ബന്ധമുണ്ടാവേണ്ടത് അനിവാര്യമാണ്. പ്രാർഥനകളും ആരാധനാകർമങ്ങളുമാണ് അല്ലാഹുവുമായുള്ള ആത്മീയ ബന്ധം ശക്തിപ്പെടുത്താനുള്ള ഏറ്റം നല്ല മാർഗം. അതുകൊണ്ട് തന്നെയാണ് സത്യപ്രബോധനത്തിന്റെ മുന്നുപാധിയായി നബി തിരുമേനിയോട് ദീർഘമായി നമസ്കരിക്കുവാൻ അല്ലാഹു ആജ്ഞാപിച്ചത്. അവൻ കൽപിച്ചു: 'അല്ലയോ മൂടിപ്പുതച്ചുറങ്ങുന്നവനേ, നിശാവേളയിൽ എഴുന്നേറ്റ് നമസ്കരിക്കുക. അൽപസമയമൊഴികെ. രാവിന്റെ പാതിനേരം, അല്ലെങ്കിൽ അതിൽനിന്നൽപം കൂട്ടുകയോ കുറക്കുകയോ ചെയ്യുക. ഖുർആൻ നിർത്തി നിർത്തി സാവകാശം ഓതുക. നാം താങ്കൾക്ക് ഭാരിച്ച വചനം അവതരിപ്പിക്കാൻ പോകുന്നു. രാത്രി എഴുന്നേൽക്കുന്നത് ആത്മനിയന്ത്രണമാർജിക്കാൻ ഏറെ സഹായകവും നേരാംവണ്ണം ഖുർആൻ പാരായണം ചെയ്യാൻ ഏറ്റവും ഉചിതവുമാകുന്നു.' (*അൽമുസ്സമ്മിൽ* 1–6)

അല്ലാഹുവിന്റെ ആജ്ഞയനുസരിച്ച് അവിടുന്ന് രാത്രി ദീർഘമായി നിന്ന് നമസ്കരിച്ചിരുന്നു. അതിനാൽ കാലിൽ നീരുകെട്ടുക കൂടി ചെയ്തിരുന്നു. 'സംഭവിച്ചതും സംഭവിക്കാനിരിക്കുന്നതുമായ സകല പാപങ്ങളും പൊറുക്കപ്പെട്ടിരിക്കെ എന്തിനാണ് ഇവ്വിധം പ്രയാസപ്പെടുന്നതെ'ന്ന് പ്രിയപത്നി ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞ മറുപടി ഇതായിരുന്നു. 'ഞാൻ നന്ദിയുള്ള ഒരടിമ ആവേണ്ടതില്ലേ?'

ഇവ്വിധം സ്രഷ്ടാവിനോടുള്ള മുഴുവൻ ബാധ്യതകളും യഥാവിധി നിർവഹിച്ചതോടൊപ്പം സൃഷ്ടികളോടുള്ള സമീപനത്തിൽ സകല ജീവിത മേഖലകളിലും ഉത്തമമായ മാതൃകകളാണ് നബിതിരുമേനി കാഴ്ചവെച്ചത്. പ്രവാചകന്റെ പ്രബോധന വിജയത്തിൽ ഈ വ്യക്തിത്വ വിശുദ്ധിക്ക് അനൽപമായ പങ്കുണ്ട്.

**ശത്രുക്കൾക്കെതിരെ ശാപപ്രാർഥന നടത്താൻ അനുയായികൾ ഒരിക്കൽ അഭ്യർഥിച്ചപ്പോൾ നബി തിരുമേനി അത് നിരസിക്കുകയാണുണ്ടായത്. അവർ സന്മാർഗം സ്വീകരിക്കുന്നില്ലെങ്കിൽ, അവരുടെ പിന്മുറക്കാരെങ്കിലും നേർവഴിയിലായേക്കാമെന്ന് പറഞ്ഞതുകൊണ്ടാണ് നബി അവരെ സമാശ്വസിപ്പിച്ചത്. ഉഹുദ് യുദ്ധത്തിൽ രക്തസാക്ഷിത്വം വരിച്ച തിരുമേനിയുടെ പിതൃവ്യൻ ഹംസയുടെ കരൾ കടിച്ചുകീറി ചവച്ചരച്ച ഹിന്ദിന് പോലും – അബൂസുഫ്‌യാന്റെ പത്നി– അവിടുന്ന് മാപ്പ് നൽകുകയുണ്ടായി. ഇസ്‌ലാം സ്വീകരിച്ച ആരെയും അദ്ദേഹം സംശയദൃഷ്ടിയോടെ നോക്കിയിരുന്നില്ല.**

### ഗുണകാംക്ഷ

അല്ലാഹു അല്ലാത്തവർക്കുള്ള ആരാധനയും അനുസരണവും അടിമത്തവും മനുഷ്യന്റെ അന്തസ്സിന് ഒട്ടും നിരക്കുന്നതല്ല. അത് അബദ്ധവും ആപൽക്കരവുമാണ്. ഈ ആപത്തിൽനിന്ന് മനുഷ്യരാശിയെ മോചിപ്പിക്കാനായി നിയോഗിക്കപ്പെട്ടവനാണ് നബിതിരുമേനി. അല്ലാഹു പറയുന്നു: 'ഇത് നാം താങ്കൾക്കവതരിപ്പിച്ച വേദമാകുന്നു. താങ്കൾ ജനങ്ങളെ അന്ധകാരങ്ങളിൽനിന്ന് മോചിപ്പിച്ച് പ്രകാശത്തിലേക്ക് നയിക്കാൻ' (*ഇബ്റാഹീം* 1).

ജീവിത വിജയത്തിന്റെ വഴിയറിയാതെ നാശത്തിലേക്ക് പ്രയാണം ചെയ്ത മനുഷ്യസഹോദരങ്ങൾക്ക് സന്മാർഗം കാണിച്ചുകൊടുക്കുകയെന്ന മഹത്തായ കൃത്യമാണല്ലോ നബി തിരുമേനി നിർവഹിച്ചുകൊണ്ടിരുന്നത്. പൊട്ടക്കിണറ്റിന്റെ വക്കത്ത് നിൽക്കുന്ന കണ്ണു കാണാത്ത മനുഷ്യനെ കൈപിടിച്ചു രക്ഷിക്കുന്നതിലും മഹത്തരമാണ് പൈശാചികമാർഗം പിന്തുടർന്ന് നരകത്തിലേക്ക് നീങ്ങുന്ന നരവംശത്തെ ദൈവിക ജീവിത വ്യവസ്ഥയിലേക്ക് പ്രബോധനം ചെയ്യൽ. അതുകൊണ്ടു തന്നെ നബിതിരുമേനി തന്റെ ജനതയെ നേർവഴിയിലേക്ക് നയിക്കാൻ നിരന്തരവും തീവ്രവുമായ ശ്രമങ്ങൾ നടത്തുകയുണ്ടായി. രാപകൽ ഭേദമില്ലാത്ത കഠിന പ്രയത്നം. തന്റെ സമുദായം സന്മാർഗ പ്രാപ്തരാവണമെന്ന് അവിടുന്ന് അതിയായി ആഗ്രഹിച്ചു. അല്ലാഹു പറയുന്നു: 'നിങ്ങൾക്കിടയിൽ നിങ്ങളിൽനിന്നുതന്നെയുള്ള ഒരു ദൈവദൂതൻ ഇതാ ആഗ

തനായിരിക്കുന്നു. നിങ്ങൾ വിഷമിക്കുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ വിജയത്തിൽ അതീവതൽപരനാണ് അദ്ദേഹം' (*അത്തൗബ* 128).

'നബിയേ, അവരുടെ സന്മാർഗപ്രാപ്തിക്കുവേണ്ടി താങ്കൾ എത്രതന്നെ ആഗ്രഹിച്ചാലും ശരി, ദുർമാർഗത്തിലൂടെ ചരിക്കാൻ ആരെ അല്ലാഹു വിട്ടേക്കുന്നുവോ അവന് അവൻ സന്മാർഗം നൽകുകയില്ല' (*അന്നഹ്ൽ* 37).

തന്റെ ജനത സന്മാർഗം സ്വീകരിക്കാതെ നാശത്തിലകപ്പെടുമല്ലോയെന്ന ദുഃഖത്താൽ ആത്മപീഡനം അനുഭവിക്കുന്ന അവസ്ഥപോലും അവിടുത്തെ ജീവിതത്തിൽ ഉണ്ടായതായി വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു: 'ജനങ്ങൾ ഈ അധ്യാപനങ്ങളിൽ വിശ്വസിക്കുന്നില്ലെങ്കിൽ താങ്കൾ അവർക്കു പിറകെ ദുഃഖംപൂണ്ട് സ്വയം ജീവൻ കളഞ്ഞേക്കാം' (*അൽ കഹ്ഫ്* 6).

'പ്രവാചകരേ, ഈ ജനം വിശ്വാസികളാകാത്തതിൽ മനംനൊന്ത് താങ്കൾ സ്വയം ഹനിച്ചേക്കാം.' (*അശ്ശുഅറാഅ്*: 3)

തന്നെ ദ്രോഹിക്കുകയും പ്രയാസപ്പെടുത്തുകയും ചെയ്തവർ പോലും ദുർമാർഗികളായി ദുരന്തം ഏറ്റുവാങ്ങുന്നത് സഹിക്കാൻ നബിതിരുമേനിക്ക് കഴിയുമായിരുന്നില്ല. സ്വദേശത്ത് ജീവിതം ദുസ്സഹമായപ്പോൾ അൽപം ആശ്വാസവും സഹായവും തേടി അവിടുന്ന് ത്വാഇഫിൽ ചെല്ലുകയുണ്ടായി. എന്നാൽ സഖീഫ് ഗോത്രം സന്മാർഗം സ്വീകരിക്കുകയോ നബിയെ ആദരിക്കുകയോ ചെയ്തില്ലെന്നു മാത്രമല്ല അദ്ദേഹത്തെ കല്ലെറിയിക്കുകയും തെമ്മാടികളെ വിട്ട് കൂക്കിവിളിപ്പിക്കുകയും ചെയ്തു. തിരുമേനി അവിടെനിന്ന് ഓടിരക്ഷപ്പെടുകയും ഉത്ബയുടെയും ശൈബയുടെയും തോട്ടത്തിൽ അഭയം തേടുകയുമാണുണ്ടായത്. അവിടെ വിശ്രമിച്ചുകൊണ്ടിരിക്കെ അവിടുന്നു അല്ലാഹുവോടു, തന്നെ ആട്ടിയോടിച്ചവർക്കു വേണ്ടി പ്രാർഥിക്കുകയാണ്: 'നാഥാ! എന്റെ ജനത അറിവില്ലാത്തവരാണ്. അവർക്ക് നീ പൊറുത്തുകൊടുക്കേണമേ, അവരെ നീ സന്മാർഗത്തിലാക്കേണമേ!'

ശത്രുക്കൾക്കെതിരെ ശാപപ്രാർഥന നടത്താൻ അനുയായികൾ ഒരിക്കൽ അഭ്യർഥിച്ചപ്പോൾ നബി തിരുമേനി അത് നിരസിക്കുകയാണുണ്ടായത്. അവർ സന്മാർഗം സ്വീകരിക്കുന്നില്ലെങ്കിൽ, അവരുടെ പിന്മുറക്കാരെങ്കിലും നേർവഴിയിലായേക്കാമെന്ന് പറഞ്ഞതു

**തന്റെ ജനത സന്മാർഗം സ്വീകരിക്കാതെ നാശത്തിലകപ്പെടുമല്ലോയെന്ന ദുഃഖത്താൽ ആത്മപീഡനം അനുഭവിക്കുന്ന അവസ്ഥപോലും അവിടുത്തെ ജീവിതത്തിൽ ഉണ്ടായതായി വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു: 'ജനങ്ങൾ ഈ അധ്യാപനങ്ങളിൽ വിശ്വസിക്കുന്നില്ലെങ്കിൽ താങ്കൾ അവർക്കു പിറകെ ദുഃഖംപൂണ്ട് സ്വയം ജീവൻ കളഞ്ഞേക്കാം' (*അൽ കഹ്ഫ്* 6).**

കൊണ്ടാണ് നബി അവരെ സമാശ്വസിപ്പിച്ചത്. ഇവ്വിധം തന്റെ പ്രബോധിതരോട് അളവറ്റ ഗുണകാംക്ഷയും മനുഷ്യരിലെ നന്മയിൽ തികഞ്ഞ പ്രതീക്ഷയും പുലർത്തിയ പ്രവാചകൻ ശത്രുക്കളിൽനിന്നാരെങ്കിലും സന്മാർഗം സ്വീകരിച്ചാൽ അയാൾ മുമ്പ് തന്നോടും തന്റെ അടുത്ത ബന്ധുക്കളോടും അനുയായികളോടും ചെയ്ത എല്ലാ ക്രൂരതകളും മറക്കുകയും പൊറുക്കുകയും ചെയ്തു. ഉഹുദ് യുദ്ധത്തിൽ രക്തസാക്ഷിത്വം വരിച്ച തിരുമേനിയുടെ പിതൃവ്യൻ ഹംസയുടെ കരൾ കടിച്ചുകീറി ചവച്ചരച്ച ഹിന്ദിന് പോലും –അബൂസുഫ്യാന്റെ പത്നി– അവിടുന്ന് മാപ്പ് നൽകുകയുണ്ടായി. ഇസ്‌ലാം സ്വീകരിച്ച ആരെയും അദ്ദേഹം സംശയദൃഷ്ടിയോടെ നോക്കിയിരുന്നില്ല.

### സരളത

പ്രവാചകൻ ഇസ്‌ലാമിനെ സമൂഹത്തിന്റെ മുമ്പിൽ സമർപ്പിച്ചത് പ്രബോധിതർക്ക് പ്രയാസം തോന്നും വിധമായിരുന്നില്ല; ഏവർക്കും അനായാസം സ്വീകരിക്കാൻ സാധിക്കുന്ന ജീവിതാദർശമെന്ന നിലയിലാണ് അതിനെ പരിചയപ്പെടുത്തിയത്. നരകത്തിൽനിന്ന് രക്ഷപ്പെടാനും സ്വർഗത്തിൽ പ്രവേശിക്കാനും എന്തുവേണമെന്ന് അന്വേഷിച്ചുവന്ന പല ഗ്രാമീണരോടും അവിടുന്ന് പറഞ്ഞത് 'വിശ്വസിക്കുക; പിന്നെ ചൊവ്വായ ജീവിതം നയിക്കുക' എന്ന് മാത്രമായിരുന്നു. ഇസ്‌ലാം പിന്തുടരാനും അനുഷ്ഠിക്കാനും എളുപ്പമാണെന്ന ധാരണ വളർത്താൻ പ്രത്യേകം ശ്രദ്ധിച്ച പ്രവാചകൻ മുഴുവൻ പ്രബോധകരോടും അതുതന്നെ നിർദേശിക്കുകയുമുണ്ടായി. അവിടുന്ന് പറഞ്ഞു: 'നിങ്ങൾ ലളിതമാക്കുക; ഒരിക്കലും ക്ലിഷ്ടമാക്കരുത്.'

നോമ്പുകാരനായിരിക്കെ ഭാര്യാസംസർഗത്തിലേർപ്പെട്ട ആളോട് നബി തിരുമേനി രണ്ടുമാസം തുടർച്ചയായി വ്രതമനുഷ്ഠിക്കാനാവശ്യപ്പെട്ടതും അവസാനം അയാളുടെ നിസ്സഹായതയും ഒഴിവുകഴിവുകളുമെല്ലാം കേട്ടംഗീകരിച്ച് സ്വന്തം കുടുംബത്തിന് ചെലവഴിക്കാൻ അറുപതുനാളത്തെ ആഹാരം നൽകി പറഞ്ഞയച്ചതുമായ സംഭവം പ്രസിദ്ധമാണ്. ജനങ്ങളെ തന്നിലേക്ക് അടുപ്പിക്കാനും കൂടെ നിർത്താനുമാണ് തിരുമേനി സദാ ശ്രമിച്ചുകൊണ്ടിരുന്നത്. അവിടുന്ന് ആജ്ഞാപിച്ചതും അതുതന്നെ: 'നിങ്ങൾ ജനങ്ങൾക്ക് സുവാർത്ത അറിയിക്കുക. അവരെ വിരട്ടരുത്.'

മാനവ ജീവിതത്തെ സ്വതന്ത്രവും അനായാസകരവുമാക്കാൻ നിയോഗിതനായ ദൈവദൂതനാണ് അദ്ദേഹമെന്ന് പൂർവ വേദങ്ങളിലെ പ്രസ്താവം ഉദ്ധരിച്ച് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു: 'തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെടുത്തിക്കാണുന്ന നിരക്ഷരനായ പ്രവാചകനെ പിന്തുടരുന്നതാരോ (അവരാകുന്നു അനുഗൃഹീതർ). അദ്ദേഹം അവർക്ക് നന്മ വിധിക്കുന്നു. തിന്മ വിലക്കുന്നു. അവർക്കായി ഉത്തമ വസ്തുക്കൾ അനുവദിച്ചുകൊടുക്കുന്നു. മലിന വസ്തുക്കൾ നിരോധിക്കുന്നു. അവരെ ഞെരിച്ചുകൊണ്ടിരുന്ന ഭാരങ്ങൾ ഇറക്കിവെക്കുന്നു. അവരെ വരിഞ്ഞുമുറുക്കിയ ചങ്ങലകൾ പൊട്ടിച്ചെറിയുന്നു. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ ബലപ്പെടുത്തുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതീർണമായ പ്രകാശത്തെ പിന്തുടരുകയും ചെയ്യുന്നവരാരോ അവർ മാത്രമാകുന്നു വിജയം പ്രാപിക്കുന്നവർ' (*അൽ അഅ്റാഫ്* 157).

### യുക്തിദീക്ഷ

തികഞ്ഞ യുക്തിബോധത്തോടെയായിരിക്കണം പ്രബോധനം നടത്തുന്നതെന്ന് പ്രഥമമായി പ്രവാചകനും തുടർന്ന് മുഴുവൻ സത്യവിശ്വാസികളും അനുശാസിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു പറയുന്നു: 'യുക്തിപൂർവമായും ശ്രേഷ്ഠമായ സദുപദേശത്തോടുകൂടിയും താങ്കളുടെ നാഥന്റെ മാർഗത്തിലേക്ക് പ്രബോധനം ചെയ്യുക.' (*അന്നഹ്ൽ*: 125)

അതുകൊണ്ടുതന്നെ നബി തിരുമേനി തികഞ്ഞ യുക്തിബോധത്തോടെയാണ് പ്രബോധന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ആദ്യം താനുമായി വളരെ അടുത്തുബന്ധമുള്ള

ചിലരെ മാത്രം രഹസ്യമായി സമീപിച്ചു. പ്രിയപത്നി ഖദീജ, പിതൃവ്യ പുത്രനായ അലി, സ്വന്തം അടിമയായ സൈദ്, ഉറ്റമിത്രമായ അബൂബക്കർ എന്നിവരെയാണ് അവിടുന്ന് ഏറ്റവുമാദ്യം പ്രബോധനം ചെയ്തത്. അവരെല്ലാം സന്മാർഗം സ്വീകരിക്കുകയും ചെയ്തു. പിന്നീട് ഉസ്മാൻ, സുബൈർ, അബ്ദുർറഹ്മാനിബ്നു ഔഫ്, സഅ്ദുബ്നു അബീവഖാസ്, ത്വൽഹ(റ) തുടങ്ങിയവർ ഇസ്‌ലാം സ്വീകരിച്ചത് അബൂബക്കറി(റ)ന്റെ ക്ഷണവും പ്രേരണയും മൂലമാണ്. ഇങ്ങനെ ഏതാനും അനുയായികളെ ലഭിച്ചശേഷമാണ് അവിടുന്ന് അടുത്ത ബന്ധുക്കളോട് പരസ്യപ്രബോധനം നടത്തിയത്. അത് വളരെ തന്ത്രപൂർവമായിരുന്നു. അവരെക്കൊണ്ട് തന്റെ സത്യസന്ധത തുറന്നുപറയിപ്പിച്ചശേഷം.

ഒരിക്കൽ നബിതിരുമേനി ഹസ്രത്ത് അലിയുടെ കൂടെ ഒരു മലഞ്ചെരുവിൽ വെച്ച് നമസ്കരിക്കുകയായിരുന്നു. യാദൃശ്ചികമായി പിതൃവ്യൻ അബൂത്വാലിബ് ഇത് കാണാനിടയായി. നമസ്കാരത്തിൽനിന്ന് വിരമിച്ച നബിയോട് അദ്ദേഹം ചോദിച്ചു: 'ഇതെന്ത് മതമാണ്.' അപ്പോൾ അവിടുന്നു നൽകിയ മറുപടി നബിയുടെ യുക്തിദീക്ഷക്ക് മകുടോദാഹരണമാണ്. അബൂത്വാലിബ്കൂടി ആദരിക്കുന്ന ഇബ്റാഹീം നബിയുടെ മതം എന്നായിരുന്നു നബിയുടെ മറുപടി.

മക്കയിൽ ജീവിച്ച പതിമൂന്നു വർഷക്കാലം പ്രവാചകൻ പ്രതിയോഗികളുടെ എല്ലാവിധ അക്രമ മർദനങ്ങളും പൂർണമായും സഹിക്കുകയും ക്ഷമിക്കുകയുമാണുണ്ടായത്. ദുർബലരായ അവിടുത്തെ അനുയായികളിൽ പലരും, അടിമപ്പെണ്ണായിരുന്ന സുമയ്യ, ഖുബൈബ് പോലുള്ളവർ വധിക്കപ്പെട്ടു. ബിലാലുബ്നു റബാഹിനെപ്പോലുള്ളവർ നിർദയം മർദിക്കപ്പെട്ടു. എന്നിട്ടും നബി തിരുമേനി പ്രതികാരം ചെയ്തില്ല; അനുയായികളെ അതിന് അനുവദിച്ചതുമില്ല. അതൊന്നും ഭീരുത്വം കൊണ്ടായിരുന്നില്ല. മറിച്ച് ദീർഘമായ നേട്ടങ്ങൾ ഉറപ്പുവരുത്തുന്ന മാർഗം അതുമാത്രമായിരുന്നു; ക്ഷമയും സഹനവും.

ബഹുദൈവാരാധനക്കെതിരെ സന്ധിയില്ലാ സമരം നയിച്ച നബി തിരുമേനി വിശുദ്ധ കഅ്ബയിൽ നിറയെ വിഗ്രഹങ്ങളുണ്ടായിരിക്കെ അതിനെ പ്രദക്ഷിണം വെക്കുകയും അതിന്റെ നേരെ തിരിഞ്ഞ് നമസ്കരിക്കുകയും ചെയ്തുകൊണ്ടിരുന്നു. അതിലെ വിഗ്രഹങ്ങൾ എടുത്തുമാറ്റി വിശുദ്ധമാക്കാൻ ഒട്ടും ധൃതി കാട്ടിയില്ല. കഅ്ബാലയത്തിന്റെ സൂക്ഷിപ്പുകാരുടെ മനം മാറ്റി അവരെക്കൊണ്ടുതന്നെ അതിനെ ശുദ്ധീകരിക്കുകയെന്ന മഹത്തായ ദൗത്യമാണ് ദൈവദൂതന് നിർവഹിക്കാനുണ്ടായിരുന്നത്. ക്ഷമാപൂർവവും യുക്തിബന്ധുരവുമായ സമീപനം സ്വീകരിച്ചതിനാലാണ് അത് സാധിച്ചത്.

### സമാധാനപരമായ മാർഗം

നബിതിരുമേനി ഇസ്‌ലാമിക പ്രബോധനത്തിന് തികച്ചും സമാധാനപരമായ മാർഗമാണ് അവലംബിച്ചത്. ശാന്തമായ സാഹചര്യത്തിൽ ജനമനസ്സുകളോട് സംസാരിച്ച് അവിടെ മാറ്റങ്ങളുണ്ടാക്കാനാണ് അവിടുന്ന് ശ്രമിച്ചുകൊണ്ടിരുന്നത്. ആദർശമാറ്റത്തിലൂടെ വ്യവസ്ഥാമാറ്റമായിരുന്നുവല്ലോ ലക്ഷ്യം. അതുകൊണ്ടുതന്നെ മദീനയിൽ ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിതമാവുന്നതുവരെ തിരുമേനിയും അനുചരന്മാരും ആയുധമെടുത്തതേയില്ല. പതിമൂന്നു വർഷം പ്രതിരോധമോ പ്രത്യാക്രമണമോ ഇല്ലാതെ കഴിച്ചുകൂട്ടി.

ഇസ്‌ലാമിക രാഷ്ട്രം നിലവിൽ വരികയും നബിതിരുമേനി സമുദായത്തിന്റെയെന്നപോലെ നാട്ടിന്റെയും നേതാവായിത്തീരുകയും ചെയ്തശേഷവും ആദർശമംഗീകരിക്കാൻ അവിടുന്ന് ആരെയും നിർബന്ധിച്ചില്ല. സമാധാനപരമായ മാർഗത്തിലൂടെ പ്രബോധന പ്രവർത്തനങ്ങൾ നടത്തുകമാത്രമേ ചെയ്തുള്ളൂ. അതിനേ അല്ലാഹു അനുവാദവും നൽകുന്നുള്ളൂ. വിശുദ്ധ ഖുർആൻ പറയുന്നു: 'മതത്തിൽ ഒരുവിധ ബലപ്രയോഗവുമില്ല.' (*അൽ ബഖറ*: 256)

'അല്ലാഹുവെ അനുസരിക്കുവിൻ. ദൂതനെയും അനുസരിക്കുവിൻ. നിങ്ങൾ അനുസരണത്തിൽനിന്ന് പിന്തിരിയുകയാണെങ്കിലോ അപ്പോൾ സത്യസന്ദേശം വ്യക്തമായി എത്തിച്ചുകൊടുക്കുക എന്നതല്ലാതെ നമ്മുടെ ദൂതന്ന് മറ്റ് ഉത്തരവാദിത്വമൊന്നുമില്ല.' (*അത്തഗാബുൻ*: 12)

### ഭൗതിക വിജയം

മറ്റുപല പ്രവാചകന്മാരെയും പോലെ നബിതിരുമേനിയും ഇസ്‌ലാം അംഗീകരിച്ചാൽ ഉണ്ടാവുന്ന ഭൗതിക നേട്ടങ്ങളെ സംബന്ധിച്ച് മുന്നറിവ് നൽകി പ്രബോധന പ്രവർത്തനങ്ങൾ നടത്തുകയും അനുയായികളെ പരീക്ഷണങ്ങൾ തരണം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു.

ഹസ്രത്ത് ഖബ്ബാബിൽനിന്ന് നിവേദനം: നബി(സ) കഅ്ബയുടെ തണലിൽ പുതപ്പ് തലയണയായുപയോഗിച്ചുകിടക്കുകയായിരുന്നു. അപ്പോൾ ഞങ്ങൾ തിരുമേനിയുടെ അടുത്ത് ചെന്ന് ആവലാതി പറഞ്ഞു: 'ഞങ്ങൾക്കുവേണ്ടി താങ്കൾ അല്ലാഹുവോട് സഹായമർഥിക്കുന്നില്ലേ? പ്രാർഥിക്കുന്നില്ലേ?' അപ്പോൾ അവിടുന്ന് പറഞ്ഞു: 'നിങ്ങൾക്ക് മുമ്പ് മനുഷ്യരെ വലിയ കുഴികുഴിച്ച് അതിൽ കൊണ്ടുവന്ന് നിർത്തിയിരുന്നു. എന്നിട്ട് ഈർച്ചവാൾ തലയിൽവെച്ച് കീറി രണ്ടായി പകുത്തിരുന്നു. അവരുടെ മാംസവും എല്ലുകളും ഇരുമ്പുകൊണ്ടുള്ള ചീർപ്പ് ഉപയോഗിച്ച് ചീകി വേർപെടുത്തിയിരുന്നു. എന്നിട്ടും അതൊന്നും അവരെ തങ്ങളുടെ ദീനിൽ നിന്നകറ്റിയില്ല. അല്ലാഹുവാണ! ഇക്കാര്യം അല്ലാഹു പൂർത്തീകരിക്കുക തന്നെ ചെയ്യും. സൻആയിൽനിന്ന് ഹള്റമൗത്ത് വരെ അല്ലാഹുവിനെയും ആടിനെ അക്രമിക്കുന്ന ചെന്നായയെയുമല്ലാതെ മറ്റൊന്നിനെയും ഭയപ്പെടാതെ ഒരു യാത്രാ സംഘത്തിന് സഞ്ചരിക്കാൻ സാധിക്കുവോളം! പക്ഷേ, നിങ്ങൾ ധൃതി കൂട്ടുകയാണ്.' (ബുഖാരി)

ആക്രമണങ്ങളും മർദനങ്ങളുമില്ലാത്ത, ശാന്തിയും സമാധാനവും കളിയാടുന്ന ഒരു രാഷ്ട്രത്തിന്റെ പിറവിയെ സംബന്ധിച്ച സുവാർത്തയാണ് തിരുമേനി ഇതിലൂടെ അറിയിച്ചത്. അവിടുന്ന് മറ്റൊരിക്കൽ അരുൾചെയ്യുകയുണ്ടായി: 'നിങ്ങൾ ലാഇലാഹഇല്ലല്ലാഹ്' എന്ന് പ്രഖ്യാപിക്കുക. നിങ്ങൾക്ക് അറബികളും അനറബികളും അധീനപ്പെടും.'

### ധീരതയും നിസ്വാർഥതയും

നബിതിരുമേനിയുടെ നിസ്വാർഥതക്കും ധീരതക്കും അവിടുത്തെ പ്രബോധന പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കുന്നതിൽ വലുതായ പങ്കുണ്ട്. പ്രവാചകനെ പിന്തുടർന്നില്ലെങ്കിലും അദ്ദേഹത്തെ ശത്രുകരങ്ങളിൽനിന്ന് കാത്തുരക്ഷിക്കുന്നതിൽ മുഖ്യപങ്കുവഹിച്ച വ്യക്തിയാണ് അബൂത്വാലിബ്. ഖുറൈശികളുടെ സമ്മർദം സഹിക്കവയ്യാതായപ്പോൾ അദ്ദേഹം തിരുമേനിയെ വിളിച്ച് പറഞ്ഞു: 'പ്രിയ മകനേ, എനിക്ക് താങ്ങാവുന്നതിലേറെ ഭാരം ഇനി എന്റെ മേൽ കെട്ടി ഏൽപിക്കരുത്.'

ഇതുകേട്ട പ്രവാചകൻ അൽപം പോലും പതറാതെ ധീരമായി പ്രഖ്യാപിച്ചു; 'അല്ലാഹുവാണ! ഈ ആളുകൾ എന്റെ ഒരു കൈയിൽ ചന്ദ്രനും മറുകൈയിൽ സൂര്യനും വെച്ചുതന്നാലും ഈ ഉദ്യമത്തിൽനിന്ന് ഞാൻ പിന്തിരിയുന്നതല്ല.

**പ്രവാചകൻ ചരിത്രത്തിലെ പല വിപ്ലവകാരികളെയും പോലെ ഒരു പ്രതികാരദാഹി ആയിരുന്നില്ലെന്നും മറിച്ച് മനുഷ്യസ്നേഹിയും ആർദ്രചിത്തനുമായ പ്രബോധകനായിരുന്നുവെന്നും തെളിയിക്കുന്ന ഇത്തരം ഒട്ടനവധി സംഭവങ്ങൾ അവിടുത്തെ ജീവിതത്തിൽനിന്ന് അടർത്തിയെടുക്കാൻ സാധിക്കും. സത്യപ്രബോധകർക്ക് എന്നും എവിടെയും മായാത്ത മാർഗരേഖകളായി അവ നിലകൊള്ളുന്നു.**

ഒന്നുകിൽ അല്ലാഹു ഇക്കാര്യം പൂർത്തീകരിക്കും. അല്ലെങ്കിൽ ഈ കർത്തവ്യനിർവഹണത്തിൽ എന്റെ ജീവൻ ബലിയർപ്പിക്കപ്പെടും.'

പ്രതിയോഗികളുടെ പ്രകോപനങ്ങൾക്കെന്നപോലെ പ്രലോഭനങ്ങൾക്കും പ്രവാചകനെ പ്രബോധനപ്രവർത്തനങ്ങളിൽനിന്ന് പിന്തിരിപ്പിക്കാൻ സാധിച്ചില്ല. അവർ അദ്ദേഹത്തെ സമീപിച്ച് ചോദിച്ചു: 'മുഹമ്മദ്! നിനക്ക് എന്താണ് വേണ്ടത്? മക്കയുടെ അധികാരം വേണോ? ഉന്നത കുലജാതയായ പെണ്ണ് വേണോ? അതോ സമ്പത്തിന്റെ കൂമ്പാരമോ? എന്തുവേണമെങ്കിലും തരാൻ ഞങ്ങൾ സന്നദ്ധരാണ്. നാളെത്തന്നെ മക്ക നിന്റെ അധീനതയിലാവുകയാണെങ്കിൽ ഞങ്ങൾക്കതിൽ സന്തോഷമേയുള്ളൂ. നീ ഈ പ്രബോധനത്തിൽനിന്ന് ഒന്ന് വിട്ടുനിന്നാൽമാത്രം മതി.'

എതിരാളികളുടെ ഇത്തരം വാഗ്ദാനങ്ങളും പ്രലോഭനങ്ങളും പുഛിച്ചുതള്ളിയ പ്രവാചകൻ ഒത്തുതീർപ്പുകൾക്ക് തയാറാവാതെ ആദർശ പ്രബോധനം അഭംഗുരം തുടർന്നു. തദ്ഫലമായി അദ്ദേഹത്തിന്റെ ശ്രമങ്ങൾ ഈ ലോകത്തുവെച്ചുതന്നെ വിജയത്തിലേക്കെത്തുകയും ചെയ്തു.

### വിട്ടുവീഴ്ചയും ഉദാരതയും

ആദർശ പ്രചാരണത്തിൽ പ്രബോധകരുടെ സ്വഭാവ രീതികൾക്കും പെരുമാറ്റ സമ്പ്രദായങ്ങൾക്കുമുള്ള പങ്ക് എടുത്തുപറയേണ്ടതില്ല. നബി തിരുമേനി ഈ രംഗത്ത് എല്ലാവർക്കും മാതൃകാ പുരുഷനാണ്. അദ്ദേഹത്തിന്റെ ഉദാരപൂർണവും വിട്ടുവീഴ്ചാ പരവുമായ സമീപനങ്ങൾ ഇസ്ലാമിന്റെ വ്യാപനം ത്വരിതപ്പെടുത്തി.

ഒരിക്കൽ അവിടുന്ന് ഒരു മരത്തണലിൽ വിശ്രമിക്കുകയായിരുന്നു. അപ്പോൾ ഊരിപ്പിടിച്ച വാളുമായി ശത്രുസംഘത്തിൽപെട്ട ഒരാൾ അവിടെ പ്രത്യക്ഷപ്പെട്ടു. ഉറക്കിൽനിന്നുണർന്ന പ്രവാചകനോട് അയാൾ ചോദിച്ചു: 'മുഹമ്മദ്! എന്നിൽനിന്ന് നിന്നെ രക്ഷിക്കാൻ ആരുണ്ട്?'

'അല്ലാഹു' – അക്ഷോഭ്യനായി തിരുമേനി മറുപടി നൽകി. ഇത് അയാളെ അമ്പരപ്പിക്കുകയും വിഭ്രാന്തനാക്കുകയും ചെയ്തു. അയാളുടെ കൈ വിറക്കുകയും വാൾ താഴെവീഴുകയും ചെയ്തു. നബി തിരുമേനി അതെടുത്ത് പിടിച്ചുകൊണ്ട് ചോദിച്ചു: 'നിന്നെ രക്ഷിക്കാൻ ഇപ്പോൾ ആരുണ്ട്?'

'താങ്കളല്ലാതെ ആരുമില്ല' – പേടിച്ചരണ്ട ആ മനുഷ്യൻ പറഞ്ഞു. നബി അയാൾക്ക് മാപ്പ് നൽകി. അയാൾ നബിയുടെ അനുചരനായിത്തീരാൻ പിന്നെ ഒട്ടും താമസമുണ്ടായില്ല.

പ്രവാചകൻ നടന്നുപോകുന്ന വഴിക്കരികിലെ കുടിലിൽ താമസിച്ചിരുന്ന ഒരു ജൂതപ്പെൺകുട്ടി അകം അടിച്ചുവാരി ചപ്പുചവറുകൾ അദ്ദേഹത്തിന്റെ മേലേക്കിടുക പതിവാക്കിയിരുന്നു. അതിലവൾ ഊറ്റംകൊള്ളുകയും തന്റെ ചെയ്തിയെപ്പറ്റി വീമ്പ് പറയുകയും ചെയ്തിരുന്നു. എന്നാൽ അവിടുത്തെ അനുചരന്മാർക്ക് അത് അസഹ്യമായിത്തോന്നി. അവർ പ്രതികാരത്തിനൊരുങ്ങി. പക്ഷേ, പ്രവാചകൻ അതംഗീകരിച്ചില്ല. അവിടുന്ന് അരുൾചെയ്തു: 'എനിക്ക് അതുകൊണ്ട് വലിയ വിഷമമൊന്നുമില്ല. അതേസമയം ആ പെൺകുട്ടി തന്റെ പ്രവൃത്തിയിൽ നിർവൃതികൊള്ളുകയും ചെയ്യുന്നു. ഞാനെന്തിന് അവളുടെ ആനന്ദം കെടുത്തണം. മാത്രമല്ല, ഇതെല്ലാം അല്ലാഹുവിന്റെ പരീക്ഷണമാണ്. സഹിക്കുന്നതിലാണ് അവന്റെ പ്രീതിയും പ്രതിഫലവും.'

പിന്നീട് ഒരു ദിവസം നബി തിരുമേനി അതുവഴി വന്നപ്പോൾ ആ പെൺകുട്ടിയെ കണ്ടില്ല. രണ്ടുമൂന്നു ദിവസം തുടർച്ചയായി കാണാതായപ്പോൾ നബി അവളെക്കുറിച്ച് അന്വേഷിച്ചു. അവൾക്ക് സുഖമില്ലെന്നും കിടപ്പിലാണെന്നും വിവരം കിട്ടി. ഒട്ടും താമസിയാതെ തിരുമേനി അവളെ സന്ദർശിക്കാൻ അവളുടെ വീട്ടിൽചെന്നു. രോഗപരവശയായ അവളുടെ അടുത്ത് ചെന്ന് അദ്ദേഹം പറഞ്ഞു: 'മകളേ; നിനക്കിപ്പോൾ ശരീരം വല്ലാതെ വേദനിക്കുന്നുണ്ട് അല്ലേ; എന്റെ മേൽ അടിക്കൂട്ട് എറിയാൻ കഴിയാത്തതിൽ വ്യസനവുമുണ്ടാകും. നീ വ്യസനിക്കേണ്ട, എന്നെ ഇഷ്ടമുള്ളതൊക്കെ ചെയ്തു സന്തോഷിച്ചോളൂ.'

ഇതുകേട്ട് ആ പെൺകുട്ടി പശ്ചാത്താപവിവശയായി പൊട്ടിക്കരയാൻ തുടങ്ങി. അവളും അവളുടെ കുടുംബവും ഇസ്ലാമിലേക്കു വരാൻ പിന്നെ താമസമുണ്ടായില്ല.

പ്രവാചക ലബ്ധി മുതൽ മക്കാവിജയംവരെ നബി തിരുമേനിയുടെയും ഇസ്ലാമിന്റെയും കഠിനശത്രുവായിരുന്നു അബൂസുഫ്യാൻ. അവസാനം ഗത്യന്തരമില്ലാതെയാണ് അദ്ദേഹം ഇസ്ലാം ആശ്ലേഷിച്ചത്. ആ ഘട്ടത്തിൽ അബ്ബാസ് നബിയോടു പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അബൂസുഫ്യാൻ സ്ഥാനമാനങ്ങൾ ഇഷ്ടപ്പെടുന്ന വ്യക്തിയാണ്. അദ്ദേഹത്തിന് എന്തെങ്കിലും പ്രത്യേകത നൽകരുതോ?'

ഉടനെ പ്രവാചകൻ പ്രതിവചിച്ചു: 'ശരി, വല്ലവനും അബൂസുഫ്യാന്റെ വീട്ടിൽ പ്രവേശിച്ചാൽ അവന് അഭയമുണ്ട്. വാതിലടച്ചു വീട്ടിലിരിക്കുന്നവരും മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നവരും സുരക്ഷിതരായിരിക്കും.'

മനശ്ശാസ്ത്രപരമായ ഒരു സമീപനമായിരുന്നു ഇത്. അതേസമയം നിർദോഷവും. നബിയുടെ അസാധാരണമായ ഈ പ്രത്യുൽപന്നമതിത്വം ഇസ്ലാമിന്റെ വ്യാപനത്തിൽ വിസ്മയാവഹമായ പങ്ക് വഹിക്കുകയുണ്ടായി.

മക്കാവിജയഘട്ടത്തിൽ അന്നോളം ദൈവദൂതനെയും അദ്ദേഹത്തിന്റെ ദൗത്യത്തെയും പരാജയപ്പെടുത്താൻ പതിനെട്ടടവും പയറ്റിയ ശത്രുവൃന്ദത്തിന് മുഴുവൻ നബി പൊതുമാപ്പ് പ്രഖ്യാപിച്ച സംഭവം പ്രസിദ്ധമാണല്ലോ.

അന്ന് വധശിക്ഷയിൽനിന്ന് രക്ഷപ്പെട്ടവരും അവരുടെ സന്താന പരമ്പരകളും പിൽക്കാലത്ത് ഇസ്ലാമിക സമൂഹത്തിനും രാഷ്ട്രത്തിനും അർപ്പിച്ച സേവനങ്ങൾ അവിസ്മരണീയമാണ്. പ്രവാചകൻ ചരിത്രത്തിലെ പല വിപ്ലവകാരികളെയും പോലെ ഒരു പ്രതികാരദാഹി ആയിരുന്നില്ലെന്നും മറിച്ച് മനുഷ്യസ്നേഹിയും ആർദ്രചിത്തനുമായ പ്രബോധകനായിരുന്നുവെന്നും തെളിയിക്കുന്ന ഇത്തരം ഒട്ടനവധി സംഭവങ്ങൾ അവിടുത്തെ ജീവിതത്തിൽനിന്ന് അടർത്തിയെടുക്കാൻ സാധിക്കും. സത്യപ്രബോധകർക്ക് എന്നും എവിടെയും മായാത്ത മാർഗരേഖകളായി അവ നിലകൊള്ളുന്നു. ●